താൽക്കാലിക നിയമനം ലഭിച്ച വികലാംഗ എൽ.ഡി. ക്ലാർക്കുമാരെ സ്ഥിരപ്പെടുത്താൻ നടപടി

29 (2980) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കുമാരായി നിയമനം ലഭിച്ച 40 വയസിനു മുകളിൽപ്രായമുള്ള എല്ലാ വികലാംഗരേയും പുനർനിയമനം നൽകി സ്ഥിരപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

ഉത്തരം

ഈ വിഷയവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

സെസ്സിലും ലാന്റ് യൂസ് ബോർഡിലുമുള്ള ശാസ്ത്രജ്ഞരെ സ്ഥിരപ്പെടുത്തണമെന്ന നിവേദനം

30 (2981) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 മുതൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലും (സെസ്) ഇപ്പോൾ കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡിലുമായി പഞ്ചായത്തുതല വിഭവ ഭൂപട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന സീനിയർ ശാസ്ത്രജ്ഞൻമാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയെടുത്തു ;

(സി) ഇവർക്ക് എത്ര വർഷത്തെ സർവ്വീസ് ഉണ്ട് ;

(ഡി) പ്രസ്തുത മേഖലയിൽ കഴിഞ്ഞ 12 വർഷമായി ജോലി ചെയ്യുന്ന ഇവരുടെ പ്രവർത്തനപരിചയം പ്രയോജനപ്പെടുത്തുന്നതിനായി ഇവരെ സ്ഥിരപ്പെടുത്താൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്തുതല വിഭവ ഭൂപട നിർമ്മാണ പദ്ധതി ഒരു സമയബന്ധിത പ്രോജക്ടായതിനാൽ അതിലേക്കായി താൽക്കാലികാടിസ്ഥാനത്തിൽ 50 സ്റ്റൈപ്പന്ററി എർത്ത് സൈന്റിസ്റ്റുകളെ നിയമിച്ചിരുന്നു. പ്രോജക്ട് കാലാവധി കഴിഞ്ഞതിനെ തുടർന്ന് ടി പ്രോജക്ടിൽ അവശേഷിച്ചിരുന്നവരെ പിരിച്ചുവിട്ടു. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ലാൻഡ് യൂസ് ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം ലാൻഡ് യൂസ് കമ്മീഷണർ 16 ശാസ്ത്രജ്ഞൻമാരെ 5,000 രൂപ പ്രതിമാസ ശമ്പളത്തിൽ കരാർ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly